# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – മഹാരാജാസ് കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.സീന.കെ.വി ഫയൽ ചെയ്ത OA (EKM) 1006/2018 നമ്പർ കേസിലെ 22.05.2018-ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു -

ഉത്തരവ് നം – എ.1/21029/2018/കോ.വി.വ          തീയതി : 08.06.2018

പരാമർശം:-

1. 25.04.2018-ലെ ഓഫീസിലെ എ1/9129/2018/കോ.വി.വ നമ്പർ പൊതുസ്ഥലം മാറ്റ ഉത്തരവ്.
2. ശ്രീമതി.സീന.കെ.വി, സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ, മഹാരാജാസ് കോളേജ്, എറണാകുളം ഫയൽ ചെയ്ത OA (EKM) 1006/2018 നമ്പർ കേസിലെ 22.05.2018-ലെ ഉത്തരവ്.
3. 07.05.2018 തീയതിയിലായി ശ്രീമതി.കെ.വി.സീന സമർപ്പിച്ച അപേക്ഷ.
4. 05.06.2018-ലെ ഈ കാര്യാലയത്തിൽ വച്ച് നടന്ന ഹിയറിംഗ്.

## ഉത്തരവ്

പരാമർശം (1) 2018-ലെ പൊതു സ്ഥലം മാറ്റ ഉത്തരവു പ്രകാരം എറണാകുളം മഹാരാജാസ് കോളേജിലെ അദ്ധ്യാപികയായ ശ്രീമതി.സീന.കെ.വി-യ്ക്ക് മടപ്പള്ളി സർക്കാർ കോളേജിൽ സ്ഥലം മാറ്റം നൽകുകയും ടി ഒഴിവിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ ശ്രീമതി.ഷർമ്മിള.പി.എസ്-ന് എറണാകുളം മഹാരാജാസ് കോളേജിലേയ്ക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തു. എന്നാൽ ടി ഉത്തരവിനെതിരെ ശ്രീമതി.സീന.കെ.വി പരാമർശം (2) പ്രകാരം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ 1006/18 നമ്പർ ഒ.എ ഫയൽ ചെയ്യുകയും ടിയാളുടെ പരാമർശം (3) അപേക്ഷയിന്മേൽ (Annexure A4 petition) തീരുമാനം എടുക്കുന്നതുവരെ ടിയാളുടെ സ്ഥലം മാറ്റം തടഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22.05.2018-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

GOVERNMENT OF KERALA 2017-18

2018 ജൂലൈ അവസാനത്തോടെ പുല്ലൂറ്റ് കെ.കെ.റ്റി.എം.ഗവണ്മെന്റ് കോളേജിലെ അദ്ധ്യാപിക ശ്രീമതി.സൌമ്യ.കെ.സി മെറ്റേർണിറ്റി ലീവ് എടുക്കുന്നതോടെ ഉണ്ടാകുന്ന ഒഴിവിൽ തന്നെ ടി കോളേജിൽ സ്ഥലം മാറ്റി നിയമിക്കണമെന്നും അതുവരെ എറണാകുളം മഹാരാജാസ് കോളേജിൽ തുടരാൻ അനുവദിക്കണമെന്നുമാണ് Annexure A4 അപേക്ഷയിലെ ടിയാളുടെ ആവശ്യം.

മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശ്രീമതി.സീന.കെ.വി-യെ 05.06.2018 തീയതിയിൽ ഉച്ചയ്ക്ക് 2.30 പി.എം-ന് നേരിൽ കേട്ടു സ്ഥലം മാറ്റ ഉത്തരവ് മാനദണ്ഡങ്ങൾക്കനുസരിച്ചാണെന്നും അതിൽ പരാതിയില്ലായെന്നും ശ്രീമതി.സീന ബോധിപ്പിച്ചു. എന്നാൽ മകളുടെ പഠനാവശ്യത്തിനും മറ്റ് കുടുംബാംഗങ്ങൾ സ്ഥലത്തില്ലാത്തതിനാലും മഹാരാജാസിൽ തുടരുവാൻ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു അല്ലെങ്കിൽ പുല്ലൂറ്റ് കെ.കെ.റ്റി.എം.ഗവണ്മെന്റ് കോളേജിലെ ശ്രീമതി.സൌമ്യ.കെ.സി പ്രസവാവധിയിൽ പ്രവേശിക്കുന്നതു മുഖേനയുണ്ടാകുന്ന ഒഴിവിൽ സ്ഥലം മാറ്റം നൽകണമെന്ന് ശ്രീമതി.സീന.കെ.വി.നേരിൽ കേട്ട അവസരത്തിലും അപേക്ഷിച്ചു. ടിയാളുടെ ഈ ആവശ്യങ്ങൾ പരിശോധിക്കുകയുണ്ടായി. ശ്രീമതി.സൌമ്യ.കെ.സി.നാളിതു വരെ പ്രസവാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ കെ.കെ.റ്റി.എം.പുല്ലൂറ്റ് കോളേജിൽ സുവോളജി അദ്ധ്യാപക തസ്തികയിൽ ഒഴിവില്ല. മഹാരാജാസ് കോളേജിൽ നിലനിർത്താൻ മറ്റൊരു ഒഴിവും ഇല്ല. 25.02.2017 തീയതിയിലെ സ.ഉ.(പി) നമ്പർ.3/2017 നമ്പർ ഉത്തരവിലെ II ലെ III പ്രകാരം പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെ അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിൽ തന്നെ ഒരു വർഷത്തേയ്ക്ക് നിയമിക്കേണ്ടതാണ്. ആയതിനാൽ പുല്ലൂറ്റ് കെ.കെ.റ്റി.എം.ഗവണ്മെന്റ് കോളേജിലെ പ്രസവാവധി മുഖേന ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് സ്ഥലം മാറ്റ ഉത്തരവ് നൽകാൻ സാധിക്കുന്നതല്ല. ഇക്കാരണത്താൽ ശ്രീമതി.സീന.കെ.വി നിലവിൽ സ്ഥലം മാറ്റം നൽകിയ മടപ്പള്ളി ഗവണ്മെന്റ് കോളേജിൽ ജോലിയിൽ പ്രവേശിക്കുവാൻ ഹിയറിംഗ് സമയത്ത് നിർദ്ദേശം നൽകി.

മേൽ സാഹചര്യത്തിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ നിന്നും 01.06.2018 എഫ്.എൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യപ്പെട്ട ശ്രീമതി.ഷർമ്മിള.പി.എസ്.-നെ എറണാകുളം മഹാരാജാസിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും ശ്രീമതി.സീന.കെ.വി. മടപ്പള്ളി ഗവണ്മെന്റ് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മഹാരാജാസ് കോളേജിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകി പരാമർശം (2) -ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം, മടപ്പള്ളി, മഹാരാജാസ് കോളേജ്, എറണാകുളം.
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോട്ടയം ബ്രാഞ്ച്.
4) കരുതൽ ഫയൽ / നടപ്പ് ഫയൽ

/ അംഗീകാരത്തോടെ /

സൂപ്രണ്ട്

എസ്.വി.08.06.2018

GOVERNMENT OF KERALA 2017-18